ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 05.05.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1) 2036 ഒളിമ്പിക്സിന് മുമ്പ് ഇന്ത്യയെ കായിക രംഗത്തെ സൂപ്പർ പവറാക്കി മാറ്റാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi has said that his government is committed to make India a sporting superpower ahead of Olympics 2036.**

2) രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ജാപ്പനീസ് പ്രതിരോധ മന്ത്രി ജനറൽ നകതാനിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും.

**Defense Minister Rajnath Singh will hold a bilateral meeting with his Japanese counterpart Gen Nakatani in New Delhi today.**

3) ജിനോം എഡിറ്റ് ചെയ്ത ഇന്ത്യയിലെ ആദ്യത്തെ രണ്ട് അരി ഇനങ്ങൾ പുറത്തിറക്കി.

**India launches first Genome-edited Rice varieties.**

4) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ 58-ാം മത് വാർഷിക യോഗം ഇന്ന് ഇറ്റലിയിൽ മിലാനിൽ ആരംഭിക്കും. ഇന്ത്യൻ സംഘത്തെ ധനമന്ത്രി നിർമല സീതാരാമൻ നയിക്കും.

**The 58th Annual Meeting of the Board of Governors of Asian Development Bank will begin today at Milan in Italy. Finance Minister Nirmala Sitharaman will lead the Indian delegation .**

5) ലോക ദൃശ്യ- ശ്രവ്യ വിനോദ ഉച്ചകോടി, വേവ്സിന്റെ പ്രഥമ പതിപ്പ് മുംബൈയിൽ സമാപിച്ചു.

**The first edition of the World Audio Visual Entertainment Summit, WAVES, concluded in Mumbai.**

6) **പേവിഷ ബാധയേറ്റ് തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഏഴ് വയസ്സുകാരി മരിച്ചു.**

**A seven-year-old girl who was undergoing treatment at the SAT Hospital in Thiruvananthapuram due to rabies, died.**

**&&&&&&&&&&&&&**

## PM – KHELO INDIA ( INTRO )

2036 ഒളിമ്പിക്സിന് മുമ്പ് ഇന്ത്യയെ കായിക രംഗത്തെ സൂപ്പർ പവറാക്കി മാറ്റാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. **'ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 2025'** ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പത്തുവർഷത്തിനിടെ കേന്ദ്രം കായിക ബജറ്റ് മൂന്ന് മടങ്ങ് വർധിപ്പിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

( വോയിസ്....)

പട്നയിലെ പാടലീപുത്ര സ്പോർട്സ് കോംപ്ലക്സിൽ നടന്ന ഖേലോ ഇന്ത്യ ഉദ്ഘാടന ചടങ്ങിൽ ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ, കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ തുടങ്ങിയവർ പങ്കെടുത്തു. ഈ മാസം 15 വരെയാണ് ഗെയിംസ്. 8,500-ലധികം യുവ കായിക പ്രതിഭകൾ മാറ്റുരക്കും.

**&&&&&&&&&&&&&**

## DEFENCE MINISTERS-MEET

രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ജാപ്പനീസ് പ്രതിരോധ മന്ത്രി ജനറൽ നകതാനിയുമായി ന്യൂഡൽഹിയിൽ ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. നിലവിലെ പ്രാദേശിക, അന്തർദേശീയ സുരക്ഷാ സാഹചര്യങ്ങൾ ചർച്ചയാകും.

ഇന്ത്യയും ജപ്പാനും തമ്മിലുള്ള ഉഭയകക്ഷി പ്രതിരോധ സഹകരണം കൂടുതൽ ശക്തമാക്കാനുള്ള വിവിധ മാർഗങ്ങളും ഇരുനേതാക്കളും ചർച്ച ചെയ്യും.

**&&&&&&&&&&&&&**

## RAJNATH SINGH ( INTRO )

ഇന്ത്യക്കെതിരെ ദുഷ്ടലാക്കോടെ പ്രവർത്തിക്കുന്നവർക്ക് ഉചിതമായ മറുപടി നൽകുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ നടന്ന സംസ്കൃതി ജാഗരൺ മഹോത്സവത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

( വോയിസ്...)

**&&&&&&&&&&&&&**

## ICAR RICE

ജിനോം എഡിറ്റ് ചെയ്ത ഇന്ത്യയിലെ ആദ്യത്തെ രണ്ട് അരി ഇനങ്ങൾ പുറത്തിറക്കി. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ, ഐ.സി.എ.ആർ വികസിപ്പിച്ച അരി ഇനങ്ങൾ ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാനാണ് പുറത്തിറക്കിയത്. പുതിയ അരി ഇനങ്ങൾ ഉൽപ്പാദനച്ചെലവ് കുറയ്ക്കുകയും വിളവ് വർധിപ്പിക്കുകയും ചെയ്യുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

**&&&&&&&&&&&&&**

## NIRMALA SITHARAMAN-ADB

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ബോർഡ് ഓഫ് ഗവർണേഴ്സിന്റെ 58-ാമത് വാർഷിക യോഗം ഇന്ന് ഇറ്റലിയിലെ മിലാനിൽ ആരംഭിക്കും. നാല് ദിവസത്തെ യോഗത്തിൽ ഇന്ത്യൻ പ്രതിനിധി സംഘത്തെ ധനമന്ത്രി നിർമല സീതാരാമൻ നയിക്കും.

രാജ്യാന്തര ധനകാര്യ സ്ഥാപനങ്ങളിലെ മേധാവികളുമായി കേന്ദ്രമന്ത്രി ചർച്ച നടത്തും. ഇറ്റലി, ജപ്പാൻ, ഭൂട്ടാൻ എന്നീ രാജ്യങ്ങളിലെ ധനമന്ത്രിമാരുമായി ഉഭയകക്ഷി കൂടിക്കാഴ്ചകളും നടത്തും. മിലാനിലെ ഇന്ത്യൻ പ്രവാസികളുമായി കേന്ദ്രമന്ത്രി സംവദിക്കും.

&&&&&&&&&&&&&

## JAISHANKAR-ARCTIC CIRCLE INDIA FORUM 2025

റഷ്യയുമായും യു.എസുമായും ഇന്ത്യക്കുള്ള ബന്ധത്തിൽ യാഥാർത്ഥ്യബോധമുള്ള സമീപനം ആവശ്യമാണെന്ന് വിദേശകാര്യ മന്ത്രി ഡോ.എസ്.ജയ്ശങ്കർ. ന്യൂ ഡൽഹിയിൽ നടന്ന ആർട്ടിക് സർക്കിൾ ഇന്ത്യ ഫോറത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. റഷ്യ-യുക്രൈൻ വിഷയത്തിൽ ഇന്ത്യ സഹായിക്കാൻ തയ്യാറാണെന്നും എന്നാൽ പരിഹാരങ്ങൾ നിർദ്ദേശിക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&

## TELANGANA - GADKARI

തെലങ്കാനയിൽ ആറായിരം കോടി രൂപയിലധികം ചെലവഴിച്ച് നിർമിച്ച 14 ദേശീയ പാത പദ്ധതികളുടെ ഭാഗമായ 285 കിലോമീറ്റർ റോഡ് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി ഇന്ന് ഉദ്ഘാടനം ചെയ്യും. വൈകിട്ട് ഹൈദരാബാദിലെ ആംബർപേട്ടിൽ പൊതുയോഗത്തിലും അദ്ദേഹം സംസാരിക്കും.

&&&&&&&&&&&&&

## NADDA - ANGOLA

കേന്ദ്രമന്ത്രിയും ബിജെപി ദേശീയ അധ്യക്ഷനുമായ ജെ.പി.നഡ്ഡ ന്യൂഡൽഹിയിൽ അംഗോള പ്രസിഡന്റ് ജോവോ ലോറൻസോയുമായി കൂടിക്കാഴ്ച

നടത്തി. ഇന്ത്യ-അംഗോള ഉഭയകക്ഷി ബന്ധത്തിന്റെ പുരോഗതി ഇരു നേതാക്കളും വിലയിരുത്തി.

**&&&&&&&&&&&&&**

## WAVES - MUMBAI

ലോക ദൃശ്യ ശ്രവ്യ വിനോദ ഉച്ചകോടി, വേവ്സിന്റെ പ്രഥമ പതിപ്പ് മുംബൈയിൽ സമാപിച്ചു. മാധ്യമങ്ങളുടെയും വിനോദവ്യവസായ സംവിധാനങ്ങളുടെയും സമന്വയ വേദിയായി ഉച്ചകോടി മാറി. നൂറിലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രശസ്ത കലാകാരന്മാർ, പ്രമുഖ ഉള്ളടക്ക സ്രഷ്ടാക്കൾ, സാങ്കേതിക രംഗത്തെ വിദഗ്ധർ തുടങ്ങിയവർ നാലുദിവസത്തെ ഉച്ചകോടിയിൽ പങ്കെടുത്തു.

**&&&&&&&&&&&&&**

## ISRAELI PM-HOUTHIS

ടെൽ അവീവിലെ ബെൻ ഗുരിയോൺ വിമാനത്താവളത്തിന് നേരെ യെമനിലെ ഹൂതി വിമതർ നടത്തിയ മിസൈൽ ആക്രമണത്തിന് ശക്തമായ തിരിച്ചടി നൽകുമെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു പറഞ്ഞു. 2023 ഒക്ടോബറിൽ യുദ്ധം ആരംഭിച്ചതിനുശേഷം ഇസ്രയേൽ വിമാനത്താവളത്തിൽ മിസൈൽ പതിക്കുന്നത് ഇതാദ്യമാണ്. സംഭവത്തെത്തുടർന്ന് എയർ ഇന്ത്യ ഉൾപ്പെടെ നിരവധി അന്താരാഷ്ട്ര വിമാനക്കമ്പനികൾ ടെൽ അവീവിലേക്കുള്ള വിമാനങ്ങൾ റദ്ദാക്കി.

**&&&&&&&&&&&&&**

## TRUMP - US MOVIES

വിദേശത്ത് നിർമിച്ച് അമേരിക്കയിൽ പ്രദർശനത്തിന് എത്തുന്ന എല്ലാ സിനിമകൾക്കും 100 ശതമാനം തീരുവ ചുമത്തുമെന്ന്

അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ചു. മറ്റ് രാജ്യങ്ങൾ അമേരിക്കൻ ചലച്ചിത്ര നിർമ്മാതാക്കളെയും സ്റ്റുഡിയോകളെയും രാജ്യത്ത് നിന്ന് അകറ്റുകയാണെന്നും സാമൂഹ്യമാധ്യമ പോസ്റ്റിൽ ട്രംപ് ആരോപിച്ചു.

**&&&&&&&&&&&&&**

## RABIES – DEATH TVM

പേവിഷ ബാധയേറ്റ് തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഏഴ് വയസ്സുകാരി മരിച്ചു. കൊല്ലം വിളക്കുടി കുന്നിക്കോട് സ്വദേശിയായ കുട്ടിയാണ് മരിച്ചത്. കഴിഞ്ഞ മാസം എട്ടിന് വീട്ടുമുറ്റത്തിരിക്കുമ്പോഴാണ് കുട്ടിയെ പട്ടി കടിച്ചത്. ഉടൻ തന്നെ ഐ.ഡി.ആർ.വി ഡോസും, അന്ന് തന്നെ ആൻറീ റാബിസ് സിറവും നൽകി. പിന്നീട് മൂന്ന് തവണ കൂടി ഐ.ഡി.ആർ.വി നൽകി. ഇനി നൽകാൻ ഒരു ഡോസ് മാത്രമാണ് ബാക്കിയുണ്ടായിരുന്നത്.

**&&&&&&&&&&&&&**

## THRISSUR POORAM (INTRO)

തൃശിവപേരൂരിൽ ഇന്ന് പൂര വിളംബരം. നാളെയാണ് പ്രസിദ്ധമായ തൃശ്ശൂർ പൂരം .

വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.....

(വോയിസ്)

**&&&&&&&&&&&&&**

## IPL

ഐ.പി.എൽ ട്വൻറി -20 ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ 37 റൺസിന് പരാജയപ്പെടുത്തി. ഇന്നലെ കൊൽക്കത്ത ഈഡൻ ഗാർഡൻസിൽ നടന്ന മത്സരത്തിൽ, കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, രാജസ്ഥാൻ റോയൽസിനെ ഒരു റണ്ണിന് പരാജയപ്പെടുത്തി. ഇന്ന്, സൺറൈസേഴ്സ് ഹൈദരാബാദ് ഹൈദരാബാദിൽ ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

&&&&&&&&&&&&&

## WOMENS HOCKEY

ഓസ്ട്രേലിയക്കെതിരായ വനിതാ ഹോക്കി പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യക്ക് ആശ്വാസജയം. ഇന്നലെ നടന്ന മത്സരത്തിൽ 1-0 ത്തിനാണ് ഓസ്ട്രേലിയയെ ഇന്ത്യ വീഴ്ത്തിയത്.

&&&&&&&&&&&&&

## WOMENS CRICKET

കേരള ക്രിക്കറ്റ് അസോസിയേഷൻ സംഘടിപ്പിക്കുന്ന വനിതകളുടെ ആറാമത് പിങ്ക് ട്വൻറി-20 ക്രിക്കറ്റ് ടൂർണമെന്റ് ഇന്ന് രാവിലെ തുമ്പ സെന്റ് സേവ്യേഴ്സ് കെ.സി.എ സ്റ്റേഡിയത്തിൽ തുടങ്ങും. 15 വരെ നീളുന്ന ടൂർണമെന്റിൽ 5 ടീമുകളാണ് മത്സരിക്കുന്നത്.

&&&&&&&&&&&&&

## RAIN

സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ മിന്നലോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യത. മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും ഇടയുണ്ട്. ഈ മാസം ഏഴിനും

എട്ടിനും മഴയ്ക്കൊപ്പം 50 കിലോമീറ്റർ വരെ വേഗമുള്ള കാറ്റിനു സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&

## PAKISTAN SPY – PUNJAB

പാകിസ്ഥാനുവേണ്ടി ചാരവൃത്തി നടത്തിയെന്ന് സംശയിക്കുന്ന രണ്ടു പേരെ പഞ്ചാബ് പോലീസ് അമൃത്സറിൽ അറസ്റ്റ് ചെയ്തു. അമൃത്സറിലെ സൈനിക കേന്ദ്രങ്ങൾ, വ്യോമത്താവളങ്ങൾ എന്നിവയുടെ തന്ത്രപ്രധാന വിവരങ്ങളും ഫോട്ടോകളും ചോർത്തി നൽകിയതിൽ ഇവർക്ക് പങ്കുണ്ടെന്ന് സംശയിക്കുന്നു.

&&&&&&&&&&&&&

## TELANGANA – MISS WORLD

തെലങ്കാനയിൽ ഈ മാസം 10 ന് ആരംഭിക്കുന്ന മിസ്സ് വേൾഡ് മത്സരത്തിന്റെ 72-ാമത് പതിപ്പിനായി ഹൈദരാബാദ് ഒരുങ്ങി. 120 രാജ്യങ്ങളിൽ നിന്നുള്ള എല്ലാ മത്സരാർത്ഥികളും അടുത്ത രണ്ട് ദിവസത്തിനുള്ളിൽ ഹൈദരാബാദിലെത്തും.

&&&&&&&&&&&&&

## VP-KARNATAKA VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് കർണാടക സന്ദർശിക്കും. ഉത്തര കന്നഡ ജില്ലയിലെ സിർസിയിലുള്ള കോളേജ് ഓഫ് ഫോറസ്ട്രി ഉപരാഷ്ട്രപതി സന്ദർശിക്കും.

&&&&&&&&&&&&&

## INDIA LAND REFORM

ഇന്നു മുതൽ ഈമാസം 8 വരെ വാഷിംഗ്ടൺ DC യിലെ ലോകബാങ്ക് ആസ്ഥാനത്ത് നടക്കുന്ന 2025 ലെ ആഗോള ഭൂപരിഷ്കരണ

ചർച്ചകൾക്ക് ഇന്ത്യ നേതൃത്വം നൽകും. ഉന്നതതല ഇന്ത്യൻ പ്രതിനിധി സംഘം സമ്മേളനത്തിൽ പങ്കെടുക്കും.

**&&&&&&&&&&&&&&**

## NAXAL ARRESTED

നക്സലൈറ്റുകളുമായി ബന്ധമുണ്ടെന്ന് ആരോപിച്ച് മഹാരാഷ്ട്ര ഭീകരവിരുദ്ധ സ്ക്വാഡ് റായ്ഗഡ് ജില്ലയിൽ നിന്ന് ഒരാളെ അറസ്റ്റ് ചെയ്തു. മുംബൈ കോടതിയിൽ ഹാജരാക്കിയ ഇയാളെ ഈ മാസം 13 വരെ എ.ടി.എസിന്റെ കസ്റ്റഡിയിൽ വിട്ടു.

**&&&&&&&&&&&&&&&&&&&&&&&&&&&**
**&&&&&&&&&&&&&&&&&&&&&**
**&&**